# പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

## നിലവിൽ - ശ്രീ. ആർ. ഷിബു (ഇൻ ചാർജ്)

വിഷയം : പിവിവിവ – ജീവനക്കാര്യം – എറണാകുളം മേഖലാ ആഫീസിലെ ക്ലാർക്കുമാരുടെ ജോലി വിഭജനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : -

---

**ഡിഡിഇകെഎം/എ1/4599/2018** **തീയതി 13 .11.2018**

---

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം മേഖലാ ആഫീസിൽ രണ്ട് ക്ലാർക്ക് തസ്തികകളും ഒരു സീനിയർ സൂപ്രണ്ട് തസ്തികയും നിലവിലുണ്ട്. സീനിയർ സൂപ്രണ്ടിന്റെ മേൽ നോട്ട ചുമതലയിൽ എ1, എ2 എന്നീ സീറ്റുകളുടെ ചുമതല സീനിയർ ക്ലാർക്കുമാർ നിർവ്വഹിച്ചു വരുന്നു. പ്രസ്തുത സീറ്റുകളുടെ ജോലി വിഭജനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ആഫീസിലെ എ1, എ2 എന്നീ സീറ്റുകളിൽ ചുവടെ പറയും പ്രകാരം ജോലി വിഭജനം നിശ്ചയിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| എ1 സീറ്റ് | എ2 സീറ്റ് |
|---|---|
| ജീവനക്കാര്യം | ബിൽ/അക്കൌണ്ട്സ് |
| ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം | മൺപാത്ര നിർമ്മാണ ധനസഹായം |
| ഒ.ബി.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം | കരിയർ ഇൻ ആട്ടോമൊബൈൽ |
| ഒ.ബി.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം | ബാർബർഷോപ്പ് നവീകരണ ഗ്രാന്റ് |
| എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | സ്റ്റേഷനറി/രജിസ്റ്റേഴ്സ് |
| ടൂൾകിറ്റ് ഗ്രാന്റ് | അഡ്വക്കേറ്റ് ഗ്രാന്റ് |
| ഇ ഗവേണൻസ്/ഐ.ടി ഡിവിഷൻ | വിവരാവകാശം, പലവക |

മേൽപ്രകാരമുള്ള വിഷയങ്ങളുടെ ഫയലുകൾ അതാത് സെക്ഷൻ ക്ലാർക്കുമാർ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ്. തൻപതിവേട്, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ 2 മാസത്തിൽ ഒരിക്കൽ സീനിയർ സൂപ്രണ്ടിനും, 3 മാസത്തിലൊരിക്കൽ ഡെപ്യൂട്ടി ഡയറക്ടർക്കും പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്. ജീവനക്കാരുടെ പരിമിതമായ എണ്ണവും, വകുപ്പിന്റെ പ്രത്യേക ഘടനയും , ജോലിഭാരവും കണക്കിലെടുത്ത് വിവിധ പദ്ധതികളുടെ അപേക്ഷകളുടെ സൂക്ഷ്മപരിശോധന, ഫീൽഡ് തല പരിശോധന തുടങ്ങിയ ചുമതലകൾ എല്ലാ ജീവനക്കാരും സന്ദർഭോചിതമായി നിർവ്വഹിക്കേണ്ടതാണ്.

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
(ഇൻ ചാർജ്)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്
സിവിൽസ്റ്റേഷൻ, കാക്കനാട്
എറണാകുളം - 682 030

എ1 സീറ്റ്, എ2 സീറ്റ്

പകർപ്പ് :
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് – തിരുവനന്തപുരം (അറിവിലേക്കായി)
ഐ.ടി ഡിവിഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
നോട്ടീസ് ബോർഡ്
കരുതൽ/അധികം
*പിവിഎസ് 29.10.18*